## പതിമ്മൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. **586** — 08.07.2014 ലെ മറുപടിയ്ക്ക്

### സർക്കാർ സർവ്വീസിൽ സ്പോർട്സ് ക്വാട്ടാ നിയമനത്തിനുള്ള മാനദണ്ഡം

ചോദ്യം — ഉത്തരം

ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്
ശ്രീ. റോഷി അഗസ്റ്റിൻ
ശ്രീ. എം. വി. ശ്രേയാംസ് കുമാർ

ശ്രീ. ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അവസാനമായി സ്പോർട്സ് ക്വാട്ടയിൽ സർക്കാർ സർവ്വീസിൽ നിയമനം നൽകിയത് എന്നാണ്; | (എ) | സംസ്ഥാനത്ത് അവസാനമായി സ്പോർട്സ് ക്വാട്ടയിൽ സർക്കാർ സർവീസിൽ നിയമനം നല്കിയത് 28.09.2012 ലെ സ.ഉ. (കൈ) നം. 257/12/പൊ.ഭ.വ. പ്രകാരമാണ് |
| (ബി) | ഇപ്രകാരം നിയമനം ലഭിക്കുന്നതിന് ഉദ്യോഗാർത്ഥികൾക്ക് ഉണ്ടായിരിക്കേണ്ട യോഗ്യതകൾ എന്തെല്ലാമാണ്; | (ബി) | ഒളിമ്പിക്സ്, ഏഷ്യൻ ഗെയിംസ്, കോമൺവെൽത്ത് ഗെയിംസ് തുടങ്ങിയ അന്തർദേശീയ മത്സരങ്ങളിൽ ഇന്ത്യയെ പ്രതിനിധാനം ചെയ്തിട്ടുള്ളതും ദേശീയ മത്സരങ്ങളിൽ കേരളത്തെ പ്രതിനിധാനം ചെയ്തിട്ടുള്ളതും അന്തർ സർവ്വകലാശാല മത്സരങ്ങളിൽ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയെ പ്രതിനിധാനം ചെയ്തിട്ടുള്ളതുമായ കായികതാരങ്ങൾക്ക് സ്പോർട്സ് ക്വാട്ടാ നിയമനത്തിന് അർഹതയുണ്ട്.<br>ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്നവരെ അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ചുള്ള തസ്തികകളിൽ നിയമനം നൽകി വരുന്നു.<br>എന്നാൽ ബിരുദം അടിസ്ഥാന യോഗ്യതയുള്ള അസിസ്റ്റന്റ് തസ്തികയിൽ 10% ഉദ്യോഗാർത്ഥികളെയാണ് നിയമിക്കുന്നത്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സ്പോർട്സ് | (സി) | ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 103 ഒഴിവുകളിലേയ്ക്ക് |

(മറുപുറം)

| | | | |
|---|---|---|---|
| | ക്വാട്ടയിൽ നിയമനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | | നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. |
| (ഡി) | സ്പോർട്സിൽ വ്യക്തിഗത ഇനങ്ങളിൽ നേട്ടം കൈവരിച്ചിട്ടുള്ള കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നതിന് തടസ്സമുണ്ടോ; വ്യക്തമാക്കുമോ; | (ഡി) | ഇല്ല. വ്യക്തിഗത ഇനങ്ങളിൽ നേട്ടം കൈവരിച്ചിട്ടുള്ള കായികതാരങ്ങൾക്ക് സ്പോർട്സ് ക്വാട്ട നിയമന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് തടസ്സമില്ല. |
| (ഇ) | 2014-2015 സാമ്പത്തിക വർഷം സ്പോർട്സ് ക്വാട്ടയിലൂടെ നിയമനം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (ഇ) | 2014-15 സാമ്പത്തിക വർഷം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ സ്പോർട്സ് ക്വാട്ട നിയമനത്തിന്റെ നടപടികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ. ഇപ്പോൾ 2010-11 സാമ്പത്തിക വർഷം മുതൽ 2013-14 സാമ്പത്തിക വർഷം വരെയുള്ള സ്പോർട്സ് ക്വാട്ട നിയമനത്തിന്റെ നടപടി ക്രമങ്ങൾ നടന്നുവരുകയാണ്. |
| (എ ഫ്) | ഇപ്രകാരം സർക്കാർ സർവ്വീസിൽ നിയമനം നൽകുക വഴി കായിക മേഖലയിലേക്കു കൂടുതൽ താരങ്ങളെ ആകർഷിക്കുവാൻ കഴിയുമോ; വിശദാംശങ്ങൾ നൽകുമോ? | (എ ഫ്) | കായികരംഗത്ത് മികച്ച സംഭാവന നൽകിയ കായികതാരങ്ങൾക്ക് കേരള സർക്കാർ സർവീസുകളിൽ നിയമനം നൽകുന്നതിനുള്ള പദ്ധതിയാണ് സ്പോർട്സ് ക്വാട്ട നിയമനം. ഇതിലൂടെ കേരളത്തിലെ കായികതാരങ്ങളെ നമ്മുടെ നാട്ടിൽ തന്നെ പിടിച്ചുനിർത്തുന്നതിനും അതുവഴി കായികരംഗത്ത് അവരിൽ നിന്ന് മികച്ച സംഭാവന ലഭിക്കുകയും ചെയ്യുന്നു. കൂടാതെ വളർന്നു വരുന്ന കായികതാരങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിന് ഇപ്രകാരമുള്ള സ്പോർട്സ് ക്വാട്ടാ നിയമനങ്ങൾ സഹായകമാകുന്നു. |

സെക്ഷൻ ഓഫീസർ